## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3670 23.08.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്**

## ജി എസ് ടി മൂലം ചെക്ക് പോസ്റ്റ് / ഉദ്യോഗസ്ഥ സംവിധാനത്തിൽ വന്ന മാറ്റങ്ങൾ

| ചോദ്യം<br>ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.എ. കെ. ശശീന്ദ്രൻ<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.കെ.ബി.ഗണേഷ് കുമാർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വാണിജ്യ ചെക്ക് പോസ്ററുകൾ നിറുത്തലാക്കിയ സാഹചര്യത്തിൽ മറ്റ് അനധികൃത ഉത്പന്നങ്ങൾ കടത്തുന്നത് തടയാൻ സ്വീകരിച്ച മാർഗങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ; | (എ) | 'വാറ്റി'ൽ ഉണ്ടായിരുന്നതു പോലെ ഓൺലൈൻ ഡിക്ലറേഷൻ സംവിധാനം ജി.എസ്.ടിയിലും തുടരുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുമെന്നതിനാൽ നികുതി വെട്ടിപ്പിനുള്ള സാധ്യത കുറവാണ്. ജി.എസ്.ടിയിൽ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ഫെസിലിറ്റേഷൻ സെന്ററുകളായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ അനധികൃത സാധനങ്ങൾ സംസ്ഥാനത്തേക്ക് പ്രവേശിക്കുന്നത് സംബന്ധിച്ചുള്ള പരിശോധന പ്രധാനമായും എക്സൈസ്, പോലീസ് ഡിപ്പാർട്ടുമെന്റുകളാണ് നടത്തുന്നത്. ചരക്ക് സേവന നികുതി വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തുന്ന ഇത്തരം സാധനങ്ങൾ സാധാരണയായി മേൽ വകുപ്പുകൾക്ക് കൈമാറുകയാണ് ചെയ്യാറുള്ളത്.<br>അനധികൃത ഉൽപന്നങ്ങൾ കടത്തുന്നത് തടയാൻ എക്സൈസ് വകുപ്പിന്റെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും അതിർത്തി പ്രദേശങ്ങളിൽ പ്രത്യേക പരിശോധനകളും |

| | | | |
|---|---|---|---|
| | | | നിരീക്ഷണങ്ങളും നടത്തി വരുന്നതും, ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ അനധികൃത ഉൽപന്നങ്ങളുടെ കടത്ത് തടയുന്നതിന് പോലീസ് വകുപ്പ് വാഹന പരിശോധന നടത്തിയും, ബോർഡർ സ്റ്റേഷൻ പരിധികളിൽ പട്രോളിംഗ് ശക്തിപ്പെടുത്തിയും, കടകളിൽ അനധികൃത ഉൽപ്പന്നങ്ങളുടെ വിൽപന നടക്കുന്നുണ്ടോ എന്നുള്ള പരിശോധനയും കർശനമാക്കിയിട്ടുണ്ട്. |
| (ബി) | സെയിൽസ് ടാക്സ് വകുപ്പിലെ ഉദ്യോഗസ്ഥരെ ജി എസ് ടി നിലവിൽ വന്ന സാഹചര്യത്തിൽ ഏതു രീതിയിൽ പുനർ വിന്യസിക്കാൻ ഉദ്ദേശിക്കുന്നു; ഇതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഉദ്യോഗസ്ഥരുടെ പുനർവിന്യാസ നടപടികൾ ആരംഭഘട്ടത്തിലാണ്. |
| (സി) | ജി എസ് ടി നടപ്പാക്കുന്നതിൽ കേന്ദ്ര സംസ്ഥാന വകുപ്പുകൾ ഏതൊക്കെ കാര്യങ്ങളിലാണ് സംയോജിത പ്രവർത്തനങ്ങൾ നടത്താൻ പോകുന്നത് എന്നും കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും ചുമതലകൾ സംബന്ധിച്ച വിഷയങ്ങളിൽ എന്തൊക്കെ തീരുമാനമെടുത്തു എന്നും വ്യക്തമാക്കാമോ? | (സി) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനു വേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമ പ്രകാരം ഇതിനുവേണ്ടിയുള്ള നിയമനിർമ്മാണ ചട്ടങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ജി.എസ്.ടി. കൗൺസിലിന്റെ ശുപാർശ പ്രകാരമായിരിക്കും. കേന്ദ്ര ധനകാര്യമന്ത്രി അദ്ധ്യക്ഷനും സംസ്ഥാന-കേന്ദ്ര ഭരണ പ്രദേശ ധന/ നികുതി വകുപ്പ് മന്ത്രിമാർ ഇതിലെ അംഗങ്ങളുമാണ്. കേന്ദ്രത്തിന് 1/3 വോട്ടിംഗ് വെയിറ്റേജും ബാക്കിയുള്ളവർക്കെല്ലാം കൂടി 2/3 വോട്ടിംഗ് വെയിറ്റേജുമാണ് നിശ്ചയിച്ചിട്ടുള്ളത്. വോട്ടിംഗ് വേണ്ടിവന്നാൽ 3/4 വോട്ടിംഗ് വെയിറ്റേജിലാണ് പ്രൊപ്പോസൽ പാസ്സാക്കുന്നത്. ആയതിനാൽ കേന്ദ്ര |

| | | | |
|---|---|---|---|
| | | | സർക്കാരിനും സംസ്ഥാന സർക്കാരിനും നികുതി നിശ്ചയിക്കാനുള്ള അവകാശം ജി.എസ്.ടിയിൽ ഇല്ല.<br>സംസ്ഥാനങ്ങൾ ഈടാക്കിയിരുന്ന പരോക്ഷ നികുതികളായ മൂല്യവർദ്ധിത നികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി, എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി, സർച്ചാർജ്ജ്, സെസ്സ്, വിനോദ നികുതി എന്നിവയും കേന്ദ്ര നികുതികളായ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി, സർച്ചാർജ്ജ്, സെസ്സ് എന്നിവയും ജി.എസ്.ടിയിൽ ലയിക്കുന്നു. ജി.എസ്.ടിയിൽ സംസ്ഥാനത്തിനകത്തെ ക്രയവിക്രയത്തിന് കേന്ദ്രത്തിന്റെ സി.ജി.എസ്.ടി. സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി, സംസ്ഥാനാന്തര വ്യാപാരത്തിന്മേൽ ഐ.ജി.എസ്.ടി. എന്നീ നികുതികൾ ഉണ്ടാകും. ഒരേ നികുതിയടിത്തറയിൽ കേന്ദ്രവും സംസ്ഥാനവും നികുതി സമാന്തരമായി ചുമത്തുന്നതാണ് പുതിയ സമ്പ്രദായം. എല്ലാ നിയമങ്ങളും ജി.എസ്.ടി. കൗൺസിൽ ഉണ്ടാക്കുന്ന മാതൃകാനിയമത്തിന് അനുസൃതമായിരിക്കണം. കേന്ദ്ര ജി.എസ്.ടിയും സംസ്ഥാന ജി.എസ്.ടി.യും യഥാക്രമം കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും അക്കൗണ്ടുകളിലേയ്ക്കാണ് പോവുക. അതു കൊണ്ട് അവയുടെ മേലുള്ള ഇൻപുട്ട് ടാക്സ് ഇളവും പ്രത്യേകമായിരിക്കും.<br>സി.ജി.എസ്.ടി. നിയമപ്രകാരം കേന്ദ്ര സർക്കാരിനുള്ള അതേ അധികാരങ്ങൾ എസ്.ജി.എസ്.ടി. നിയമപ്രകാരം സംസ്ഥാന സർക്കാരിനുമുണ്ട്. ജി.എസ്.ടി. കൗൺസിലിൽ എടുത്ത തീരുമാന പ്രകാരം ഒന്നരക്കോടി രൂപ വരെ വിറ്റുവരവ് കൈകാര്യം ചെയ്യുന്ന ഫയലുകൾ 9 : 1 എന്ന അനുപാതത്തിൽ സംസ്ഥാന കേന്ദ്ര വകുപ്പുകൾ |

| | | | |
|---|---|---|---|
| | | | ഭരണനിർവ്വഹണം നടത്തുകയും അതിനു മുകളിലുള്ളവ 1 : 1 എന്ന അനുപാതത്തിൽ വീതം വയ്ക്കുകയും ചെയ്യും. കേന്ദ്ര സർക്കാരിന്റെ പരിധിയിലുള്ള ഫയലുകളിൽ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിന്റെ പരിധിയിലുള്ള ഫയലുകളിൽ സംസ്ഥാന സർക്കാരിനും നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ